

TUESDAY 02.01.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/01/2024

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള നവകേരള സദസ്സ് 2023 പര്യടനം ഇന്ന് എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കുന്നത്തുനാട് എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന “പൂപ്പൊലി 2024” വയനാട് ജില്ലയിൽ തുടക്കം കുറിച്ചു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു. കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

3. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലയിലെ വില്ലേജ് സിറ്റിങ്ങുകൾ ജനുവരി മൂന്ന് മുതൽ 10 വരെ വിവിധ സ്ഥലങ്ങളിൽ നടക്കും. 18 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർക്ക് പുതിയതായി അംഗത്വം എടുക്കാനും,

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അംഗങ്ങൾക്ക് അംശദായം അടയ്ക്കാനുമുള്ള അവസരം വില്ലേജ് സിറ്റിങ്ങിൽ ഉ്ാകും. രാവിലെ 10 മുതലാണ് സിറ്റിങ്. പുതുതായി അംഗത്വം എടുക്കുന്നവർ ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് , രേഖകളിൽ മേൽവിലാസം വ്യത്യാസം ഉണ്ടെങ്കിൽ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ്, യൂണിയൻ സർട്ടിഫിക്കറ്റ് , 2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം സിറ്റിങ്ങിൽ പങ്കെടുക്കണമെന്ന് ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2729175, 8075649049

4. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ചുവരുന്ന 75 - 80 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 200 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് വിതരണത്തിനായി തയ്യാറായിട്ടുണ്ട് കൂടുതൽ വിവരങ്ങൾക്ക് 0471 -2413195 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. പുതിയ സംരംഭം തുടങ്ങാൻ താല്പര്യമുള്ള സംരംഭകർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് അഞ്ച് ദിവസത്തെ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. ജനുവരി എട്ടു മുതൽ 12 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. ബിസിനസ്സ് നിയമവശങ്ങൾ, ഐഡിയ ജനറേഷൻ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന വിധം, സെയിൽസ് ആൻഡ് മാർക്കറ്റിംഗ്, ബാങ്കിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി എസ് ടി, സംരംഭം തുടങ്ങാൻ ആവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകളുണ്ട്. താല്പര്യമുള്ളവർ http://kied.info/training- calender/ സന്ദർശിച്ച്

ഓൺലൈനായി ജനുവരി മൂന്നിനകം അപേക്ഷിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. ഫോൺ 0484 2532890, 2550322, 9605542061.

6. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ പെൻഷൻ ലഭിക്കാൻ അർഹത ഉള്ളവർക്ക് 2024 ജനുവരി 1 മുതൽ മാർച്ച് 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായോ, ജില്ലാ ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയവുമായോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. ആട് വളർത്തലിൽ സൗജന്യ പരിശീലനം നൽകുന്നു. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ജനുവരി 8, 9 തീയതികളിലാണ് പരിശീലനം നടക്കുക. പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 0479 2457778, 0479 2452277, 8590798131 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 ജനുവരി 8 മുതൽ 25 വരെ നഴ്സറി ടെക്നിക്സ് (Nursery Techniques) എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പച്ചക്കറി, പഴവർഗ്ഗ അലങ്കാരചെടികളിലെ തൈ ഉത്പാദനം, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ്, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. ഒരു ബാച്ചിൽ 20 പേർക്ക് അവസരം

ലഭിക്കും. പരിശീലന ഫീസ് 2,000/ രൂപ. താത്പര്യമുള്ളവർ **8077268538** എന്ന ഫോൺ നമ്പരിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാല ഇപഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ്" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ജനുവരി മാസം 11 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ജനുവരി 10 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി www.celkau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം